## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1465 — 11.06.2019-ൽ മറുപടിയ്ക്ക്

### പൊഴിയൂർ മത്സ്യബന്ധന തുറമുഖം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.കെ. ആൻസലൻ** | | **ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ പൊഴിയൂരിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന മത്സ്യബന്ധന തുറമുഖത്തിന്റെ നിലവിലെ അവസ്ഥ എന്ത് എന്ന് വ്യക്തമാക്കാമോ; | (എ) & (ബി) | നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ പൊഴിയൂരിൽ ഒരു മത്സ്യബന്ധന തുറമുഖം നിർമ്മിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്കായി 63 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ആയതിൻ പ്രകാരം ഒരു വർഷമായി നീണ്ടു നിൽക്കുന്ന പഠന ഗവേഷണ പ്രവർത്തനങ്ങളായ ബീച്ച് ക്രോസ് സെക്ഷൻ, ഷോർലൈൻ സർവ്വേ, പ്രീമൺസൂൺ-മൺസൂൺ-പോസ്റ്റ് മൺസൂൺ വേവ് ഡാറ്റാ എന്നിവ എടുക്കുകയും ടോപ്പോഗ്രാഫിക് സർവ്വെ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് തയ്യാറാക്കി വരുന്നു. ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച് പ്രാഥമിക മോഡൽ സ്റ്റഡി നടത്തി ടെൻഡേറ്റീവ് ലേഔട്ട് തുടർ പരിശോധനയ്ക്കും വിദഗ്ധ ഉപദേശത്തിനുമായി CWPRS, പൂനെയ്ക്ക് നൽകുന്നതാണ്. തുടർന്ന് EIA സ്റ്റഡി നടത്തി ക്ലിയറൻസ് ലഭിച്ച ശേഷം രൂപരേഖ തയ്യാറാക്കുന്നതാണ്. |
| (ബി) | മത്സ്യബന്ധന തുറമുഖം സ്ഥാപിക്കുന്നതിന് ഏതൊക്കെ നടപടിക്രമങ്ങളാണ് പൂർത്തീകരിച്ചതെന്ന് വിശദീകരിക്കാമോ; | | |
| (സി) | തുറമുഖ നിർമ്മാണത്തിന് പ്രാഥമികമായി ഫണ്ട് അനുവദിച്ചിട്ടുണ്ടോ; എത്ര തുകയാണ് അനുവദിച്ചത്; ഏതു വർഷം എന്ന് വ്യക്തമാക്കാമോ? | (സി) | EIA സ്റ്റഡിയുടെ റിപ്പോർട്ട് ലഭിച്ചശേഷം ആവശ്യമായ തുക വകയിരുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ